# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം

വിഷയം: ആ വ ഡ-ജീവനക്കാര്യം -മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026 -സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:1. ഉത്തരവ് (പി) നം.3/2017/ഉ.പ.ഭ.വ. തീയതി.25/02/2017.
2.സ.ഉ.(സാധാ)നം.1097/2026/ആ.കു.വ തീയതി.14/03/2026.
3.സ.ഉ.(സാധാ )നം.1369/2026/ആകവ തീയതി.10/04/2026.
4. സർക്കുലർ നം. ഇ.എച്ച് 1-31371/2025/ആവഡ. തീയതി.13/04/2026.
5. ജീവനക്കാർ സ്പാർക്ക് മുഖേന സമർപ്പിച്ച അപേക്ഷകൾ .
6. കരട് ഉത്തരവ് നം.ഇ.എഫ് 4-10528/2026/ആവഡ തീയതി.30/05/2026.

## ഉത്തരവ് നം:ഇ എഫ് 4-10528/2026/ആവഡ തീയതി: 21-06-2026

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ 2026 ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലെ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ ആരും തന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമമാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹത ഉള്ളവരായി കാണുന്നില്ല. ഈ വിവരം പ്രഖ്യാപിച്ചുകൊണ്ട് ആക്ഷേപമുണ്ടെങ്കിൽ 08/06/2026 നകം മെഡിക്കൽ ഓഫീസർമാർക്ക് പരാതികൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകി പരാമർശം(6) പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പരാതികൾ ഒന്നും ലഭിക്കാത്ത

സാഹചര്യത്തിൽ കരട് നടപടിക്രമത്തിന്മേൽ ആക്ഷേപങ്ങളൊന്നും തന്നെ ഇല്ല എന്ന് വിലയിരുത്തി ആരോഗ്യവകുപ്പിലെ സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലെ ഉദ്യോഗസ്ഥരുടെ 2026 പൊതുസ്ഥലംമാറ്റം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Sandeep K
Date: 21-06-2026
10:26:35

അഡീഷണൽ ഡയറക്ടർ

(മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ.

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്
3. ഫയൽ./കരുതൽ ഫയൽ.